(സി)

ജില്ല	ലക്ഷം
തിരുവനന്തപുരം	19,65,000.00
കൊല്ലം	50,000.00
പത്തനംതിട്ട	1,00,000.00
ആലപ്പുഴ	50,000.00
കോട്ടയം	50,000 00
ഇടുക്കി	50,000.00
എറണാകുളം	7,00,000 00
തൃശ്ശൂർ	2,00,000.00
പാലക്കാട്	50,000.00
മലപ്പുറം	50,000.00
കോഴിക്കോട്	2,00,000.00
വയനാട്	50,000.00
കണ്ണൂർ	50,000.00
കാസർഗോഡ്	50,000.00

(ഡി) ഇത് സംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ല.

(ഇ) ഉണ്ട്

(എഫ്) വിനോദസഞ്ചാര വാരാഘോഷത്തിന്റെ കണക്കുകൾ എല്ലാ കേന്ദ്രങ്ങളിൽനിന്നും ശേഖരിച്ചു കഴിഞ്ഞശേഷം മാത്രമേ വരുമാനം എത്രയെന്നു കണക്കാക്കാൻ കഴിയുകയുള്ളൂ.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പഞ്ചായത്ത് തെരഞ്ഞെടുപ്പ്

* 5 [5] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, പി. സീതി ഹാജി :
,, ലോനപ്പൻ നമ്പാടൻ :
,, കെ. പുരുഷോത്തമൻ :
,, കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുക്കപ്പെട്ട എത്ര പഞ്ചായത്തുകളാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത് ;

(ബി) പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുവാനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) പഞ്ചായത്ത് തെരഞ്ഞെടുപ്പ് എന്നത്തേക്ക് നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) പഞ്ചായത്ത് തെരഞ്ഞെടുപ്പുകളെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ എന്താണത് ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികൾ ഇപ്പോൾ ഒരു പഞ്ചായത്തിലും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാർഡ് വിഭജനം സംബന്ധിച്ച് ഗവൺമെന്റിൽ കിട്ടിയിട്ടുള്ള റിവിഷൻ ഹർജികളിൻമേൽ നടപടി പൂർത്തിയാക്കി വരികയാണ്. ഇതിന് പുറമേ വില്ലേജുകളുടെയും പഞ്ചായത്തുകളുടെയും അതിർത്തി ഏകീകരിക്കാനുള്ള ഒരു നിർദ്ദേശവും ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ഇതിൻമേൽ അവസാന തീരുമാനമായതിനുശേഷമേ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുവാൻ സാദ്ധ്യമാവുകയുള്ളു.

(സി) പഞ്ചായത്ത് തെരഞ്ഞെടുപ്പിനു വേണ്ടി 1981-ലെ കാനേഷ്മാരി കണക്കനുസരിച്ച് പഞ്ചായത്തുകളിലെ അംഗസംഖ്യ നിർണ്ണയിക്കുകയും അതനുസരിച്ച് പഞ്ചായത്തുകളിലെ വാർഡ് വിഭജനം നടത്തിയിട്ടുള്ളതുമാണ്. 1-1-1985-ൽ 18 വയസ് പൂർത്തിയായവരെ ഉൾപ്പെടുത്തികൊണ്ട് സമ്മതിദായ പട്ടിക ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് പരിശോധിച്ചശേഷം 15-4-1985-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ, 20-4-1985-ൽ പഞ്ചായത്തുകളിലെ പോളിംഗ് സ്റ്റേഷൻ നിശ്ചയിച്ചുകൊണ്ടുള്ള പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. കൂടാതെ 20-4-1985-ൽ പഞ്ചായത്തുകളിലെ പോളിംഗ് സ്റ്റേഷൻ നിശ്ചയിച്ചുകൊണ്ടുള്ള പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. 1-1-1986-ൽ 18 വയസ് തികഞ്ഞ വരെ കൂടി ഉൾപ്പെടുത്തികൊണ്ട് സപ്ലിമെന്ററി വോട്ടർ പട്ടികയും തയ്യാറാക്കിയിട്ടുണ്ട്.

തെരഞ്ഞെടുപ്പിന്റെ നടത്തിപ്പിനായി വരണാധികാരികളും, ഉപവരണാധികാരികളും എന്നിവരെ തെരഞ്ഞെടുപ്പ് അധികാരികളും കൂടിയായ ജില്ലാ പഞ്ചായത്ത് ആഫീസർ നിയമിച്ച് കഴിഞ്ഞിട്ടുണ്ട്. തെരഞ്ഞെടുപ്പിനു ആവശ്യമായ ഫാറങ്ങളും മറ്റും അച്ചടിച്ച് ജില്ലാ പഞ്ചായത്ത് ആഫീസർമാർക്ക് കൊടുത്തു വരുന്നു.

കേരള പഞ്ചായത്ത് ആക്ടിന്റെ 10 (3) വകുപ്പനുസരിച്ച് ഗവൺമെന്റിൽ നിക്ഷിപ്തമായ അധികാരങ്ങളും നിർവഹിക്കുന്നതിനു പഞ്ചായത്ത് തെരഞ്ഞെടുപ്പ് സ്പെഷ്യൽ ആഫീസറെ ഗവൺമെന്റ് ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, 187 പഞ്ചായത്തുകളെ സംബന്ധിച്ചുള്ള 321 റിവിഷൻ ഹർജികളിൽ 173 പഞ്ചായത്തുകളെ സംബന്ധിച്ച 276 പരാതികളിൽ തീർപ്പ് കല്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന 14 പഞ്ചായത്തുകളെ സംബന്ധിക്കുന്ന 45 റിവിഷൻ ഹർജികളിൽ നടപടി പൂർത്തിയാക്കിവരുന്നു.

(ഡി) മുകളിൽ (ബി) യിലും, (സി) യിലും സൂചിപ്പിച്ച നടപടിക്രമങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

(ഇ, എഫ്) ഇല്ല.

മിൽമ ഏറ്റെടുത്ത പദ്ധതികളും

* 6 [6] ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലിൽ :
ശ്രീ. കെ. കൃഷ്ണൻ കുട്ടി :
,, എ. വി. താമരാക്ഷൻ :
,, വി. സി. കബീർ :
,, ആർ. എസ്. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "മിൽമ" ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്ത് നടത്തുന്നത് ;

(ബി) പുതുതായി ഏതെങ്കിലും യൂണിറ്റ് ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly